**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 177** **01-09-2022 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളും നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എന്നിട്ടും സംസ്ഥാനത്ത് രാഷ്ട്രീയ സംഘർഷങ്ങളും കൊലപാതകങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ആഭ്യന്തര വകുപ്പിന്റെ വീഴ്ചയാണെന്ന് കരുതുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് രാഷ്ട്രീയ സംഘർഷങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിനും ക്രമസമാധാന നില ഭദ്രമാക്കുന്നതിനുമായി പോലീസ് ഇന്റലിജൻസ് വിഭാഗവും ക്രമസമാധാന വിഭാഗവും കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൊലപാതക കേസുകളിൽ കേസന്വേഷണം കാര്യക്ഷമമാക്കിയും പ്രതികളെയും പിന്നിൽ പ്രവർത്തിച്ചവരെയും താമസംവിനാ അറസ്റ്റ് ചെയ്തും രാഷ്ട്രീയഭേദമന്യേ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്തൊട്ടാകെ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി ആവശ്യമായ ജാഗ്രത പുലർത്തുകയും സാമൂഹ്യമാധ്യമങ്ങൾ വഴി സംഘർഷം സൃഷ്ടിക്കുന്നവരെ കണ്ടെത്തി അവർക്കെതിരെ നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംഘർഷ സാധ്യതയുള്ള മേഖലകളിൽ പോലീസ് സാന്നിധ്യം ഉറപ്പാക്കിയും പട്രോളിംഗ് നടത്തിയും സർവ്വകക്ഷി യോഗങ്ങളും സമാധാന യോഗങ്ങളും സംഘടിപ്പിച്ചും സമാധാനാന്തരീക്ഷം ഉറപ്പാക്കുന്നതിന് ആഭ്യന്തര വകുപ്പ് ശക്തമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. |
| (ബി) | രാഷ്ട്രീയ കൊലപാതക കേസ്സുകളിലെ പ്രതികൾക്ക് ഉന്നത തലത്തിൽ നിന്ന് ലഭിക്കുന്നതായി പറയപ്പെടുന്ന സംരക്ഷണം ഇത്തരം കൊലപാതകങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ചില രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തകരും നേതാക്കളും ആരോപണ വിധേയരാകുന്ന കേസ്സുകളിൽ നിഷ്പക്ഷമായും നീതിപൂർവമായും | (സി) | ഇത്തരമൊരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | അന്വേഷണം നടക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | | |
| (ഡി) | ഇത്തരം കേസ്സുകളിലെ പ്രതികളെയും ഗൂഢാലോചനയിൽ പങ്കെടുത്തവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | റിപ്പോർട്ട് ചെയ്യപ്പെടുന്ന ക്രിമിനൽ കേസുകളിൽ ഊർജ്ജിതമായി അന്വേഷണം നടത്തി കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെയും ഗൂഢാലോചനയിൽ പങ്കെടുത്തവരെയും നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേസുകളുടെ ശാസ്ത്രീയ പരിശോധനകൾക്കും തെളിവുശേഖരണത്തിനുമായി അത്യാധുനിക ഉപകരണങ്ങൾ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും മറ്റുമായി സൈബർ ഡോം, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ എന്നീ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. ഇത്തരം കേസുകളിൽ ആവശ്യമെന്ന് കാണുന്ന പക്ഷം ഊർജ്ജിത അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുകയോ കേസന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുകയോ ചെയ്ത് കുറ്റവാളികളെ അതിവേഗം നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ